# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 632 28.09.2016 ലെ മറുപടിയ്ക്ക്

## കുടിവെള്ളസ്രോതസുകളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.സി.മമ്മത്കോയ: | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പൊതുകുളങ്ങൾ, ആരാധനാലയങ്ങളോട് അനുബന്ധമായ കുളങ്ങൾ, സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കുളങ്ങൾ എന്നിവ നാശോന്മുഖമായിത്തീരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കുടിവെള്ള സംരക്ഷണത്തിന് അത്യന്താപേക്ഷിതമായ ഈ കുളങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) സംസ്ഥാന ബഡ്ജറ്റ് വിഹിതമുപയോഗപ്പെടുത്തി കുളങ്ങളുടെ നവീകരണ പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജനയുടെ ഭാഗമായി തയ്യാറാക്കുന്ന ജില്ലാ ഇറിഗേഷൻ പ്ലാനിൽ കുളങ്ങളുടെ നവീകരണം ഉൾപ്പെടുത്തിയിട്ടുണ്ട്. നബാർഡ് ധന സഹായത്തോടു കൂടിയും കുളങ്ങൾ നവീകരിക്കാറുണ്ട്. കൂടാതെ, അമ്പലക്കുളങ്ങളുടെ നവീകരണം പരിശോധിക്കാവുന്നതാണ്. |
| (സി) മാലിന്യം തള്ളിയും മണ്ണിട്ടു നികത്തിയും നശിപ്പിക്കപ്പെടുന്ന അരുവികളും തോടുകളും വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) നിലവിലുള്ള നിയമ വ്യവസ്ഥകൾ അപര്യാപ്തമാണ് എന്ന് വിലയിരുത്തപ്പെട്ടിട്ടില്ല. ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.